# ക്രിസ്തുമസ് അമേരിക്കയിൽ

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഭാവനയിൽ വിഭാവന ചെയ്യുന്ന ഒരു ലേഖനത്തിന് അതിന്റെ അന്തസത്ത പകരാൻ വായനക്കാരനു കഴിയണം എന്നാത്മാത്ഥ ചിന്തയോടെ ഇത് സമപ്പിക്കുന്നു:

കേവലം വഷങ്ങൾ മാത്രം അമേരിക്കയിൽ താമസിക്കാൻ ഇടയായ ഐ. ടി. ക്കാരന്റെ മകനും ഭാര്യയും താമസിക്കുന്ന ഭവനത്തിൽ എന്നും സുഭിക്ഷമായ ഭക്ഷണങ്ങൾ ഉണ്ടായിരുന്നു. എല്ലാ ദിവസവും അവിടെ മാംസവും മത്സ്യവും പച്ചക്കറികളും ഉൾപ്പെടെ ഏഴെട്ടു കൂട്ടം വിഭവങ്ങളുമായാണ് ഭക്ഷണം കഴിച്ചിരുന്നത്.

"നായ് കടലിൽ ചെന്നാലും നക്കിയേ കുടിക്കയുള്ളൂ" എന്ന പഴമൊഴി പോലെ വളരെയധികം വഷങ്ങളായി അമേരിക്ക എന്ന സുഭിക്ഷ രാജ്യത്ത് വസിക്കുന്ന പല മലയാളി/ഭാരതീയ കുടുംബങ്ങളിൽ വളരെ പിശുക്കത്തരം കാണിച്ച് ജീവിക്കുന്ന വളരെയധികം ആൾക്കാർ ഉണ്ട്. ധാരാളം ഭക്ഷണങ്ങൾ പാചകം ചെയ്യാൻ സമയമില്ല എന്ന കാരണം പറഞ്ഞും, മറ്റു പലവിധ കാരണങ്ങൾ പറഞ്ഞും അവർ എന്നും അസംതൃപ്തരായ് കഴിയുകയാണ്.

മറ്റു ചിലർ, പല ആൾക്കാരുടേയും ഭവനങ്ങളിൽ പോയ് ചക്കാത്തിന് വിലസുന്നവരും വിരളമല്ല. ഫാസ്റ്റ്ഫുഡ് കഴിച്ച് അലസമായ് കഴിയുന്ന കുഴി മടിയന്മാരു വിരളമല്ല.

കേരളത്തിൽ ചില പാവങ്ങളായ ഭവനങ്ങളിൽ പഴയ കാലങ്ങളിൽ, ക്രിസ്തുമസിന്റെ തലേ ദിവസമോ, അന്നു തന്നെയോ മാംസ കടയിൽ പോയി അല്പം മാംസം വാങ്ങി കറിവെച്ച് ക്രിസ്തുമസ് ആഘോഷിക്കുന്ന/ആഘോഷിച്ചിരുന്ന കുടുംബങ്ങൾ ധാരാളം.

എന്നാൽ സുഭിക്ഷതയുടെ നടുവിൽ കഴിയുന്ന അമേരിക്കയിൽ അതുപോലെ അക്ഷരാദ്ധത്തിൽ കഴിയുന്ന മേല്പറഞ്ഞ ഐ.ടി ക്കാരന്റെ കുടുംബം പോലുള്ളവർ എങ്ങിനെ ആണ് ക്രിസ്തുമസ് ആഘോഷിക്കുന്നത്:

"അമ്മേ, ഭക്ഷണ കാര്യത്തിൽ നമ്മൾ എന്നും ക്രിസ്തുമസ് ആഘോഷിക്കുന്നവരാണല്ലോ. അപ്പോൾ നമ്മൾ എങ്ങിനെയാണ് ക്രിസ്തുമസ് ആഘോഷിക്കുന്നത്?

ആ സമയങ്ങളിൽ, ബിസിനസ് രാജ്യമായ അമേരിക്കയിലെ എല്ലാ കട കമ്പോളങ്ങളും ജന നിബിഡമായിരിക്കും. ക്രിസ്തുമസ്സിന് വളരെയധികം ദിവസങ്ങൾക്കു മുമ്പു തന്നെ, അവരുടെ താമസസ്ഥലത്തിന്റെ മുൻപിൽ വണ്ണ വൈദ്യുത വിളക്കുകൾ കൊണ്ടും മറ്റും മുറ്റും അലങ്കരിച്ചിരിക്കും. തലേ വഷങ്ങളിൽ ചെയ്തിരുന്നത് നശിപ്പിക്കാതെ അതുകൊണ്ടും കൂടാതെ പല പുതിയത് വാങ്ങിയുമായിരിക്കാം അവർ അത് ചെയ്യുന്നത്. താമസസ്ഥലത്ത് അകത്തായി ക്രിസ്തുമസ്ട്രീ നാട്ടും. ചിലർ അതാതു വഷം വെട്ടി വിൽക്കുന്നത് വാങ്ങി വെക്കും. മറ്റു ചിലർ മുൻ വഷങ്ങളിൽ വാങ്ങി ഉപയോഗിച്ചതിനു ശേഷം സൂക്ഷിച്ചു വെച്ചിരിക്കുന്നത് എടുത്ത് വെക്കും. ആ മരം മുഴുവനും വണ്ണവൈദ്യുതി വിളക്കുകൾ കൊണ്ടും കൂടാതെ ആ മരം അലങ്കരിക്കാൻ കിട്ടുന്ന സാധനങ്ങൾ കൊണ്ടും അലങ്കരിക്കും. ചിലർ അതിനു സമീപമായ്, കടകളിൽ വാങ്ങാൻ കിട്ടുന്ന പ്ലാസ്റ്റിക്കിന്റേയോ മറ്റോ പുൽക്കൂടും യേശുകുഞ്ഞിന്റേയും മറ്റും രൂപങ്ങൾ ഉള്ള,(പുൽക്കൂട്) വെക്കും. ക്രിസ്തുമസിന്റേയോ പ്രാന്ത ദിവസങ്ങളിലോ മറ്റും, ആ വീട്ടിലുള്ളവരുടെ സഹോദരങ്ങളേയോ ബന്ധുമിത്രാദികളേയോ മറ്റും ക്ഷണിച്ചു വരുത്തി, എല്ലാവരും കൂടെ സുഭിക്ഷമായ ഭക്ഷണവും കഴിച്ച്, വളരെയധികം ദിവസങ്ങൾക്കു മുമ്പു തന്നെ വാങ്ങി പൊതിഞ്ഞു വെച്ചിരിക്കുന്ന സമ്മാനപൊതികൾ കൊടുക്കുകയോ, മറ്റു ചിലർ ഗിഫ്റ്റ് എക്സചേഞ്ച് ചെയ്യുകയോ ചെയ്യും.

നല്ല വിലയുള്ള ക്രിസ്തുമസ് സമ്മാനങ്ങൾ പൊതിയാനുള്ള കടലാസുകൾ കൊണ്ട് പൊതിഞ്ഞ ഈ സമ്മാന പൊതികൾ അപ്പോൾ തന്നെ നിദ്ദയം വലിച്ചു കീറി എടുക്കുക എന്ന ശൈശവ സ്വഭാവമാണ് അതിലെ ഏറ്റവും മനോഹരമായ കാഴ്ചകളിലൊന്ന്. അവിടേയും പിശുക്കരായ ചില മലയാളികൾ ആ പൊതികെട്ടുകൾ അവരുടെ താമസസ്ഥലത്തു കൊണ്ടുപോയി വളരെ സാവകാശം, ആ കടലാസുകൾക്ക് യാതൊരു കേടും ഭവിക്കാതെ തുറന്നെടുത്ത ശേഷം, ആ കടലാസുകൾ പിന്നേതൊരവസരത്തിലേക്കായി സൂക്ഷിച്ചു വെക്കും.

എന്നാൽ, ഭാര്യയും മക്കളും വീടും കുടുംബവും ഒന്നുമില്ലാതെ അമേരിക്കയിൽ താമസിക്കുന്ന വിവിധ രാജ്യങ്ങളിൽ നിന്നു വന്നു താമസിക്കുന്നവർ മദ്യവും മദിരാക്ഷിയുമായി ക്രിസ്തുമസ് ആഘോഷിക്കും. എന്തായാലും ക്രിസ്തുമസ് നാളുകൾ സന്തോഷത്തിന്റേയും സമാധാനത്തിന്റേയും ദിവസങ്ങളായി അമേരിക്കയിൽ അങ്ങോളമിങ്ങോളും ആഘോഷിക്കുന്നു.

നിധനരായി കഴിയുന്ന അമേരിക്കയിലെ ജനങ്ങളെ, റെഡ് ക്രോസ് തുടങ്ങിയ സംഘടനകൾ നല്ല ഭക്ഷണവും വസ്ത്രങ്ങളും നൽകി സന്തോഷമുള്ളവരാക്കി തീക്കാൻ ശ്രമിക്കുന്നു.

എന്തുകൊണ്ടാണ് ഇങ്ങിനെ ചെയ്യുന്നത്. വഷത്തിലൊരിക്കലെങ്കിലും എല്ലാവരും സന്തോഷത്തോടും സമാധാനത്തോടും കൂടി കഴിയണമെന്നാഗ്രഹം കൊണ്ടു മാത്രം. നമ്മൾ നമ്മുടെ താമസസ്ഥലത്തിന് പുറത്ത് നോക്കുമ്പോൾ പുഷ്പാവൃതമായ നല്ല ഉദ്യാനങ്ങൾ കാണുന്നത് കണ്ണിനും ഹൃദയത്തിനും കുളിമ്മ, സന്തോഷം നൽകുമെന്ന് വിശ്വസിക്കുന്നവരാണല്ലോ നമ്മളിൽ പലരും. അപ്പോൾ നമ്മുടെ ഓരോരുത്തരുടേയും മനസ്സിന് സമാധാനം കിട്ടാൻ വേണ്ടിയാണല്ലോ നമ്മൾ ഇതെല്ലാം ചെയ്യുന്നത്.

"സന്മനസുള്ളവക്കു ഭൂമിയിൽ സമാധാനം" എന്ന വേദവാക്യം ഈ സമയത്ത് അന്വഥമാണല്ലോ.

**ആപ്യാനന്ദാശ്രുമിശ്രിതമാം ക്രിസ്തുമസ് നവവത്സരാംശംസകൾ നേരുന്നു.**

**ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.**